# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5450 — 25/10/2011 ന് മറുപടിയ്ക്ക്

### ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് വില്ലേജിൽ പറപ്പേരി പ്രദേശത്ത് റേഷൻകാർഡും, തിരിച്ചറിയൽ കാർഡുമുള്ള 20 ഓളം പട്ടികജാതി-കുറുവ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ പല വില്ലേജ് ഓഫീസുകളേയും സമീപിക്കേണ്ട അവസ്ഥയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. അപേക്ഷകൻ ഹാജരാക്കുന്ന ആധികാരികരേഖയുടേയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തമായ ജാതി ബോധ്യപ്പെടുന്ന കേസുകളിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്. എന്നാൽ ചില കേസുകളിൽ ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ആവശ്യമെങ്കിൽ അപേക്ഷകൻ ജനിച്ചു വളർന്ന വില്ലേജുകളിൽ നിന്നുള്ള റിപ്പോർട്ട് കൂടി ലഭ്യമാക്കി സർട്ടിഫിക്കറ്റ് നൽകി വരുന്നു. |
| (സി) | പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ തൃപ്രങ്ങോട് വില്ലേജിൽ നിന്ന് തന്നെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള ശുപാർശ നൽകാൻ ആവശ്യമായ നിർദ്ദേശം നൽകി സർക്കാർ ഉത്തരവാക്കുന്ന കാര്യം പരിഗണിക്കുമോ ; എന്ന് പ്രസ്തുത ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | 1996 ലെ കേരള (പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് (1996 ലെ 11-ാം ആക്ട്) ന്റെയും റൂളിന്റെയും വ്യവസ്ഥകൾക്കനുസരിച്ച്, നിലവിൽ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് തഹസീൽദാരും ഇതര വിഭാഗങ്ങൾക്ക് വില്ലേജ് ആഫീസറും ആണ്. സംസ്ഥാനേതര ആവശ്യങ്ങൾക്ക് എല്ലാ വിഭാഗക്കാർക്കും ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് തഹസീൽദാരാണ്. മേൽ സൂചിപ്പിച്ചതുപോലെ തഹസീൽദാർ പദവിയിൽ ഉള്ളവർക്കു മാത്രമേ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റുകൾ നൽകുവാൻ അധികാരമുള്ളൂ. തഹസീൽദാർ നൽകേണ്ട ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുവാൻ മറ്റു ഉദ്യോഗസ്ഥർക്ക് അധികാരം നൽകാൻ മേൽ സൂചിപ്പിച്ച ആക്ട് പ്രകാരം കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ